**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 5** **07-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സംയുക്ത നിവേദനം നൽകുന്നതിന് മുഖ്യമന്ത്രി വിളിച്ച ചേർത്ത എം.പി.മാരുടെ യോഗത്തിൽ തീരുമാനിച്ചിരുന്നോ; | (എ) | തീരുമാനിച്ചിരുന്നു. |
| (ബി) | സംസ്ഥാനത്തിന് അവകാശപ്പെട്ട കേന്ദ്രവിഹിതം നേടിയെടുക്കുന്നതിന് നാളിതുവരെ നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | 2024-25ലെ പുതുക്കിയ കേന്ദ്ര ബജറ്റിനു മുന്നോടിയായി കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രിമാരുമായി നടത്തിയ ചർച്ചയിൽ സംസ്ഥാനം നിലവിൽ നേരിടുന്ന ധനഞെരുക്കം പരിഹരിക്കുന്നതിനായി 24000 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് അനുവദിക്കുന്നതിനായി അഭ്യർത്ഥിച്ചിരുന്നു.<br><br>സംസ്ഥാനത്തോട് കേന്ദ്രസർക്കാർ സ്വീകരിച്ചുപോരുന്ന നയങ്ങളിലും സമീപനങ്ങളിലും മാറ്റം വരുത്തി സംസ്ഥാനത്തിന് അർഹമായ കേന്ദ്ര വിഹിതം സമയബന്ധിതമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പ് മന്ത്രിയും നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്കും നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനം ഉന്നയിച്ചിട്ടുള്ള പ്രധാനപ്പെട്ട ആവശ്യങ്ങൾ താഴെപ്പറയുന്നതാണ്.<br><br>1) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ ആകെ കടമെടുപ്പിൽ കേന്ദ്ര സർക്കാർ 2022-23 സാമ്പത്തിക വർഷം മുതൽ കുറവ് വരുത്തുന്ന സമീപനത്തിൽ മാറ്റം വരുത്തുക. |

2) ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് നിർണയിക്കുന്നതിൽ നിന്നും ഒഴിവാക്കുക.

3) സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി. നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള കാലയളവ് 5 വർഷത്തേയ്ക്ക് ദീർഘിപ്പിക്കുക.

4) സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരും തമ്മിൽ പങ്കിടുന്ന ജി.എസ്.ടി. വരുമാന വിഭജനത്തിന്റെ അനുപാതം 50:50ൽ നിന്ന് 60:40 ആയി ഉയർത്തുക.

5) കേന്ദ്രം പിരിച്ചെടുക്കുന്ന സെസ്സ്, സർചാർജ് എന്നിവ ഘട്ടം ഘട്ടമായി നിർത്തലാക്കുക.

6) കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ, ഹെൽത്ത് ഗ്രാന്റ്, സംസ്ഥാന ദുരന്ത ലഘൂകരണ നിധി എന്നിവയിൽ ലഭ്യമാകേണ്ട കുടിശ്ശിക തുക അനുവദിക്കുക.

7) 7-ാമത് യു.ജി.സി. ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ലഭ്യമാകേണ്ട കുടിശ്ശിക തുക അനുവദിക്കുക.

8) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിലവിലെ കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ അനുപാതം 60:40ൽ നിന്ന് 75:25 ആയി ഉയർത്തുക.

9) മൂലധന നിക്ഷേപങ്ങൾക്കായി സംസ്ഥാനങ്ങൾക്ക് കേന്ദ്രം അനുവദിച്ചിരിക്കുന്ന 50 വർഷ പലിശരഹിത വായ്പാ സഹായ പദ്ധതി ലഭ്യമാകുന്നതിനുള്ള നിർബന്ധിത വ്യവസ്ഥകളിലൊന്നാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബ്രാന്റിങ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്നത്. ഈ നിർബന്ധിത വ്യവസ്ഥ ഒഴിവാക്കുക.

10) സംസ്ഥാനം കാലങ്ങളായി ആവശ്യപ്പെടുന്ന എ.ഐ.ഐ.എം.എസ്. സ്ഥാപിക്കൽ, റെയിൽവേ വികസനം മുതലായവ സാധ്യമാക്കുക.

കൂടാതെ ജി.എസ്.ടി. കൗൺസിൽ ഉൾപ്പെടെയുള്ള യോഗങ്ങളിൽ കേരളം കേന്ദ്രത്തിന്റെ വിവേചനപരമായ നടപടികൾക്കെതിരെ ശക്തമായ നിലപാട് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഐ.ജി.എസ്.ടി. വരുമാനത്തിൽ 10-11% വാർഷിക

| | | | |
|---|---|---|---|
| | | | വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഐ.ജി.എസ്.ടി. വർഷിക വർദ്ധനവ് 3% മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും ഈ അപാകത പരിഹരിക്കണമെന്നും ബഹു.ധനകാര്യ മന്ത്രി 53-ാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട ഫണ്ടുകളും ഗ്രാന്റുകളും ലഭിക്കുന്നതിൽ ഉണ്ടായിട്ടുള്ള കുറവ് സംബന്ധിച്ച് പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം റിലീസ് ചെയ്യുന്നത് സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി ഈ വകുപ്പിൽ പരിശോധിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി മൂലധന നിക്ഷേപങ്ങൾക്ക് കേന്ദ്ര സർക്കാർ പലിശ രഹിത വായ്പയിലൂടെ അനുവദിക്കുന്ന പ്രത്യേക സഹായ പദ്ധതിയുടെ ഭാഗം-1 -ന് 2023-24 സാമ്പത്തിക വർഷം ലഭ്യമാക്കേണ്ട 1925 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ ഭാഗം-1 -ൽ 1059 കോടി രൂപ കേന്ദ്രം വകയിരുത്തിയിട്ടുണ്ട്. എന്നാൽ, Branding/naming മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പൂർണ്ണമായും പാലിക്കാത്ത സാഹചര്യത്തിൽ, നടപ്പ് സാമ്പത്തിക വർഷത്തെ 1059 കോടി രൂപ നാളിതുവരെയും റിലീസ് ചെയ്ത് നൽകിയിട്ടില്ല. ഇതിനു പുറമെ Branding/naming കാരണമുയർത്തി NHM പദ്ധതിക്ക് 2023-24 സാമ്പത്തിക വർഷം ലഭ്യമാക്കേണ്ട 636.88 കോടി രൂപ കേന്ദ്രവിഹിതം കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നില്ല. എന്നാൽ NHM പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കിവരുന്ന സാഹചര്യത്തിൽ, നടപ്പ് സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ടി പദ്ധതിക്കായി നാളിതുവരെ ആകെ 240.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>പി.എം.ശ്രീ. പദ്ധതിയുടെ ധാരണാപത്രം ഒപ്പിടുന്നത് സംബന്ധിച്ച വിഷയം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. സമഗ്ര ശിക്ഷാ കേരളം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്ക് കേന്ദ്ര-വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന കേന്ദ്ര വിഹിതം ഇതുവരെയും അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, സംസ്ഥാന വിഹിതമായ 98 കോടി രൂപ മുൻകൂറായി ടി പദ്ധതിയുടെ എസ്.എൻ.എ. അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ 2023-24 വരെ Health Sector Grant ഇനത്തിൽ ആകെ 411.37 കോടി രൂപയും ULB Grant ഇനത്തിൽ ആകെ 143.32 കോടി രൂപയും കേന്ദ്രത്തിൽ നിന്നും ലഭിക്കാനുണ്ട്. |
| (ഡി) | സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങളോട് കേന്ദ്രസർക്കാർ അനുവർത്തിച്ചുവരുന്ന സമീപനങ്ങൾ സംസ്ഥാനത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങളോട് കേന്ദ്രസർക്കാർ അനുവർത്തിച്ചുവരുന്ന സമീപനങ്ങൾ വിദ്യാഭ്യാസം, ആരോഗ്യമേഖല, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി എല്ലാ മേഖലകളെയും സാരമായി ബാധിച്ചിട്ടുണ്ട്. പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ വിപത്തുകളിൽ നിന്നും കര കയറാത്ത സംസ്ഥാനത്തിന് ജി.എസ്.ടി നഷ്ടപരിഹാരം ലഭ്യമാകാത്തതും വായ്പാ പരിധിയിലുണ്ടായ വെട്ടിക്കുറവും വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വർഷങ്ങളായി സംസ്ഥാനത്തിന് വളരെ കുറഞ്ഞ വിഹിതമാണ് ലഭിക്കുന്നത്. വാർദ്ധക്യകാല പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെയും ആരോഗ്യരംഗത്തെ പദ്ധതികളുടെയും കേന്ദ്രവിഹിതം വളരെ കുറവാണ്. നെല്ല് സംഭരണം, റേഷൻ വിതരണം, മരുന്നുകൾക്ക് നൽകേണ്ട വിഹിതം തുടങ്ങിയ വിവിധ പദ്ധതികളിൽ സംസ്ഥാനം ചെലവഴിച്ച തുക കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. 2024 ഫെബ്രുവരി മാസം മുതലുണ്ടായ വരൾച്ചയുടെ ഫലമായുണ്ടായ കൃഷിനാശത്തിന് കേന്ദ്രസർക്കാരിൽ നിന്നും നഷ്ടപരിഹാരതുക ഇതുവരെ ലഭിച്ചിട്ടില്ല. ഇത് കാർഷികമേഖലയിൽ വളരെയധികം പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പൂർണ്ണമായും പാലിക്കാത്ത സാഹചര്യത്തിൽ, കേന്ദ്ര വിഹിതം ലഭ്യമാകാനുണ്ട്. ഇത് ആരോഗ്യമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിക്കുന്ന വിഹിതങ്ങളിലും ഗ്രാന്റുകളിലും ആനുകൂല്യങ്ങളിലും വന്ന കുറവ് പരിഹരിക്കാൻ സ്പെഷ്യൽ പാക്കേജ് അനുവദിക്കണമെന്ന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത പാക്കേജ് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ